കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

കോടഞ്ചേരി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട് – 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

E-mail:dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.കെ.ഡി/പി 16/2084/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
ഫോൺ – 0495-2371012
ഇ-മെയിൽ – dokkd.ksad@kerala.gov.in
തീയതി –14.09.2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കോടഞ്ചേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കോടഞ്ചേരി ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഭാഗം 3ലെയും ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്- ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.കെ.ഡി/പി-16/2084/2018 തീയതി –14.09.2018

<u>കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ</u>

<u>2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള</u>

<u>ഓഡിറ്റ് റിപ്പോർട്ട്</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി പഞ്ചായത്ത് 01.04.2017 മുതൽ 31.03.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സതീഷ് മാവേലി പുത്തൻവീട്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23.07.2018 മുതൽ 2.08.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.കെ.പി.ഹരി | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ശ്രീമതി.ഷൈനി.പി | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ഇന്ദുകല.സി.വി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.ജിഷ.പി | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.അന്നക്കുട്ടി ദേവസ്യ | 01.04.17 മുതൽ 31.03.18 വരെ |
| സെക്രട്ടറി | ശ്രീ.പി.കെ.അബ്ദുൾ ലത്തീഫ് | 01.04.17 മുതൽ 31.12.17 വരെ |
| | ശ്രീ.വി.പി.ബാബു (അധികച്ചുമതല) | 1.1.2018 മുതൽ 22.1.2018വരെ |
| | ശ്രീ.മുഹമ്മദ് ലുക്മാൻ.എം.പി | 23.1.18മുതൽ 31.03.18 |

| | | |
|---|---|---|
| | | വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി. സെക്രട്ടറി | ശ്രീ.വി.പി.ബാബു | 01.04.2017 മുതൽ 31.3.2018 വരെ |
| അസി.എൻജിനിയർ | ശ്രീ.പ്രദീപ് കുമാർ.പി | 01.04.17 മുതൽ 31.3.2018 വരെ |
| വി ഇ ഒ, കോടഞ്ചരി | ശ്രീ.സന്ദീപ്.കെ | 01.04.17 മുതൽ 31.03.18 വരെ |
| വി ഇ ഒ, നെല്ലിപ്പൊയിൽ | ശ്രീ.സുരേഷ്.കെ.പി | 01.04.17 മുതൽ 31.03.18 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി.ലിസ്സി.കെ.ജെ | 01.04.17 മുതൽ 31.03.18വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി.ദേവി.പി.യു | 01.04.17 മുതൽ 31.03.18വരെ |
| മെഡിക്കൽ ഓഫീസർ-സി.എച്ച്.സി | ഡോ.ഹൈഫ മൊയ്തീൻ | 01.04.17 മുതൽ 6.05.17വരെ<br>01.01.18 മുതൽ 31.03.18വരെ |
| | ഡോ.രമ്യ.എം | 07.05.17 മുതൽ 20.06.17വരെ |
| | ഡോ.ഹസീന.കെ | 21.06.17 മുതൽ 30.11.17വരെ |
| | ഡോ.ഷാജി | 01.12.17 മുതൽ 31.12.17വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ-ഹോമിയോ | ഡോ.സ്മിത.കെ.എസ് | 01.04.17 മുതൽ 31.03.18വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവ്വേദം | ഡോ.ലൂസി | 01.04.17 മുതൽ 31.03.18വരെ |
| കൃഷി ഓഫീസർ | ശ്രീ.ഷബീർ അഹമ്മദ്.കെ.എ | 01.04.17 മുതൽ 31.03.18വരെ |
| വെറ്ററിനറി സർജൻ | ഡോ.എസ്.കാർത്തികേയൻ | 01.04.17 മുതൽ 31.03.18വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.റെജിമോൾ ജോർജ് | 01.04.17 മുതൽ 31.03.18വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |

| | | |
|---|---|---|
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| | ഭാഗം 2 | |
| 12 | ബഡ്ജറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ | 2-1 |
| 13 | തൊഴിൽ നികുതി അടവ് സംബന്ധിച്ച് കൃത്യമായ രേഖപ്പെടുത്തലില്ല | 2-2 |
| 14 | ഷോപ്പിംഗ് കോംപ്ലക്സ് വാടക ഈടാക്കിയില്ല. | 2-3 |
| | ഭാഗം 3 | |
| 15 | എം.എൽ.ആർ.ഇ.ജി.എസ്- പ്രവൃത്തിയ്ക്ക് വേണ്ടി സാധനസാമഗ്രികൾ സമാഹരിയ്ക്കുന്നതിലെ അപാകത | 3-1 |
| 16 | ബോർഡ് മീറ്റിംഗ് തീരുമാനം യഥാവിധി നടപ്പാക്കുന്നില്ല | 3-2 |
| 17 | വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. | 3-3 |
| 18 | പദ്ധതി ആസൂത്രണത്തിലെ പിഴവ് – അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പിലാക്കുന്നില്ല. | 3-4 |
| 19 | പൊതുടാപ്പുകളുടെ വെള്ളക്കരം – അധികം തുക അടവാക്കുന്നു. | 3-5 |
| 20 | ശമ്പള പരിഷ്കരണ കുടിശ്ശിക -ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല. | 3-6 |
| 21 | സ്കൂൾ വിദ്യാർത്ഥികൾക്ക് സാനിറ്ററി നാപ്കിൻ വിതരണം- പദ്ധതി നിർവ്വഹണത്തിലെ അപാകത | 3-7 |
| 22 | ഔഷധിയിൽ നിന്നും മരുന്ന് പൂർണ്ണമായും ലഭ്യമായില്ല | 3-8 |
| | ഭാഗം 4 | |
| 23 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 24 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 26 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 27 | സ്ഥിര നിക്ഷേപം | 4-5 |
| 28 | ഓഡിറ്റ് റിക്കവറി | 4-6 |

| | | |
|---|---|---|
| 29 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 30 | തീർപ്പാക്കാൻ അവശേഷിക്കുന്ന ചാർജ്ജ് സർച്ചാർജ്ജ് നടപടികളുടെ വിവരവും ഓഡിറ്റ് വർഷം തീർപ്പാക്കിയ ചാർജ്ജ് സർച്ചാർജ്ജ് നടപടികളുടെ വിവരവും | 4-8 |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 36 | അനുബന്ധം- ഓഡിറ്റ് സാക്ഷ്യപത്രം | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

27.3.17തീയതിയിലെ 37/17തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 21.3.18തീയതിയിലെ 1/18 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.18 | 15.5.18 | -- | -- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 22.06.2018, 23.06.2018 | കെ.എസ്.എ.കെ.കെ.ഡി/ഇ.2 /1111/2018(27)/<br>06.07.2018. |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 30043511 |
| വരവ് | 92990969 |
| ആകെ | 123034480 |

| | |
|---|---|
| ചെലവ് | 113057491 |
| നീക്കിയിരിപ്പ് | 9976989 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 26166000 | 26166000 | 18999493 | 7166507 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 3946588 | 3946588 | 2248800 | 1697788 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 2502983 | 2502983 | 2502605 | 378 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 17869000 | 17869000 | 17868909 | 91 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 5706000 | 5706000 | 5436779 | 269221 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 11213662 | 11213662 | 8044462 | 3169200 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 1830118 | 1830118 | 1774402 | 55716 |
| സാക്ഷരത | | 51225 | 1908 | 53133 | 0 | 53133 |
| ദുരിതാശ്വാസനിധി | | | | | | |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 20270816 | 20270816 | 20270816 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 5054 | 1276184 | 1281238 | 1274384 | 6854 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| റ്റി എസ് സി | | 889491 | 146734 | 1036225 | 425144 | 611081 |

| | | | | | | |
|---|---|---|---|---|---|---|
| ഐ.സി.ഡി.എസ് | | 509898 | 1131345 | 1641243 | 532355 | 1108888 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 264000 | 2989100 | 3253100 | 2989100 | 264000 |
| | ജില്ലാ പഞ്ചായത്ത് | 25000 | 4100000 | 4125000 | 3840000 | 285000 |
| ബി ഫണ്ട് | | 0 | 355600 | 355600 | 355600 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 21364681 | 13119800 | 34484481 | 34516359 | -31878 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 7004888 | 13879833 | 20884721 | 13062577 | 7822144 |
| | ട്രഷറി അക്കൗണ്ട് | | | | | |
| മറ്റിനം | | | | | | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 334 | 136864822 | 233 | 77315293 | | 101 | 56.49 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5054 | 1276184 | 1281238 | 1274384 | 6854 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 20270816 | 20270816 | 20270816 | 0 |

| | | | | | |
|---|---|---|---|---|---|
| | 5054 | 21547000 | 21552054 | 21545200 | 6854 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 60600 | 145 |
| കർഷകതൊഴിലാളി പെൻഷൻ | 9251300 | 902 |
| വിധവാപെൻഷൻ | 12004200 | 1101 |
| വാർദ്ധക്യകാലപെൻഷൻ | 23334100 | 2161 |
| വികലാംഗപെൻഷൻ | 4504000 | 412 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 228000 | 27 |
| വിവാഹധനസഹായം | 270000 | 9 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31.7.18ന് നടന്നു. പരിശോധനയിൽ 47246രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 9.5.18 – 10.5.18 | | PAU.2/RAR /KDY/2017 തി. 10.05.2018 |
| അക്കൗണ്ടന്റ് | 21/8/17 | 2012-13 – | LBA(HQ)/6 |

| | | | |
|---|---|---|---|
| ജനറലിന്റെ ഓഡിറ്റ് | | 2016-17 | /8A/2678/17 28.9.17 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1. വസ്തു നികുതി അരിയർ ഡിമാന്റ് തുകയിലെ പൊരുത്തക്കേട്.

വസ്തു നികുതി കുടിശ്ശിക ഡിമാന്റ് തുക വാർഷിക കണക്ക് പ്രകാമുള്ളതും സഞ്ചയ ഡി.സി.ബി. പത്രിക പ്രകാരമുള്ളതും താഴെ കാണിച്ച് പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| നികുതിയിനം | വാർഷിക കണക്ക് പ്രകാരം | സഞ്ചയ ഡി.സി.ബി. പ്രകാരം |
|---|---|---|
| വസ്തു നികുതി റസിഡൻഷ്യൽ അരിയർ | 604099/- | 465755/- |
| വസ്തു നികുതി നോൺ റസിഡൻഷ്യൽ അരിയർ | 628161/- | 433129/- |

2. വാർഷിക കണക്കിനോടൊപ്പം സമർപ്പിക്കേണ്ട അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്) പ്രധാന അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ സമർപ്പിച്ചിട്ടില്ല.

3. പഞ്ചായത്ത് നൽകിയിട്ടുള്ള മൂന്ന് മാസത്തിലധികമായി എൻക്യാഷ് ചെയ്യാത്ത് കാലാവധി കഴിഞ്ഞ താഴെ പറയുന്ന ചെക്കുകൾ liability in respect of stale cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

| ചെക്ക് നമ്പർ | തീയതി | തുക | റിമാർക്സ് |
|---|---|---|---|
| 33918 | 22.03.2017 | 1200/- | തനത് ഫണ്ട് A/c 1172 |
| 33711 | 18.05.2017 | 4750/- | തനത് ഫണ്ട് A/c 1172 |
| 33705 | 18.05.2017 | 1480/- | തനത് ഫണ്ട് A/c 1172 |
| 2054403 | 18.04.2017 | 30073/- | TSB A/c 14/15 |

4. ആസ്തി രജിസ്റ്റർ പൂർത്തിയാക്കി സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ബി.11 ഷെഡ്യൂൾ പ്രകാരമുള്ള അസറ്റ് ബാലൻസ് പരിശോധിക്കാനായിട്ടില്ല.

5. ബി.14 സ്റ്റേറ്റ്മെന്റ് പ്രകാരം സംയുക്ത പ്രോജക്ടുകളുടെ നടത്തിപ്പിനായി ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭിച്ച 264000/- രൂപയും ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിച്ച 285000/- രൂപയും ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. പ്രസ്തുത തദ്ദേശ സ്ഥാപനങ്ങൾ ചെലവായി കാണിച്ചിട്ടുള്ള തുകകൾ ചെലവഴിക്കാതെ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

6. വെറ്ററിനറി സർജൻ, ഹെഡ് മാസ്റ്റർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ സബ്സിഡിയറി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) ടി.ആർ. 7 എ ക്യാഷ് ബുക്കും സബ്സിഡിയറി രജിസ്റ്ററും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

7. ലോക്കൽ സാഖ്യയും വെബ് സാംഖ്യയും തമ്മിൽ ബന്ധിപ്പിച്ചിട്ടില്ലാത്തതിനാൽ ട്രഷറിയിൽ മാറുന്ന ബില്ലുകളുടെ ചെലവുകൾ യഥാസമയം ലോക്കൽ സാംഖ്യയിൽ വരാത്തതിനാൽ വൗച്ചർ നമ്പർ ക്രമത്തിൽ ക്യാഷ് ബുക്കിൽ ചെലവ് രേഖപ്പെടുത്താൻ കഴിയുന്നില്ല.
മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ബഡ്ജറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ

കേരളപഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ -214, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഡ്ജറ്റ് മാന്വൽ എന്നിവ പ്രകാരം ബജറ്റ് തയ്യാറാക്കുമ്പോൾ ചുവടെ ചേർക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

(1)ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ടു വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകളും ബജറ്റ് വർഷത്തേക്കുള്ള പ്രൊപ്പോസലുകളും സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഘടകസ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ച് ചേർക്കേണ്ടതാണ്.

(2)സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ജനവരി മാസം ആദ്യ വാരത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിക്കണം. ജനുവരി 15 നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭിക്കണം.

(3)ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് അംഗീകരിച്ച വാർഷികപദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺ പ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ച് കരട് ബജറ്റ് തയ്യാറാക്കുകയും ആവശ്യമെങ്കിൽ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരെയും ഉദ്യോഗസ്ഥരെയും ക്ഷണിക്കേണ്ടതുമാണ്.

എന്നാൽ കോടഞ്ചേരി ഗ്രാമപഞ്ചായത്തിൽ മേൽ നിർദ്ദേശങ്ങൾ പാലിച്ചല്ല ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. 23/02/2017 നാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് തയ്യാറാക്കുന്നതിനായി യോഗം ചേർന്നത്. ബജറ്റ് പാസ്സാക്കുന്നതിന് മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി റവന്യൂ ചെലവുകൾക്കായി സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും നിർദ്ദേശങ്ങൾ ആവശ്യപ്പെടുകയോ വിവിധ ഘടകസ്ഥാപനങ്ങളിലെ വരവ്-ചെലവ് സംബന്ധിച്ച സംക്ഷിപ്തം തയ്യാറാക്കുകയോ ചെയ്തതായി കാണുന്നില്ല. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണെങ്കിലും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർദ്ദേശങ്ങളൊന്നും സമർപ്പിച്ചതായി കാണുന്നില്ല. ബജറ്റ് നടപടിക്രമങ്ങൾ പാലിക്കാത്തതിനാൽ ബജറ്റിൽ നിർദ്ദേശിക്കാത്ത ഇനത്തിനും, ബജറ്റിൽ നിർദ്ദേശിച്ച തുകയിൽ അധികരിച്ചും തുക ചെലവഴിച്ചിട്ടുണ്ട്. ഉദാ.

<u>നോൺ പ്ലാൻ ചെലവുകൾ</u>

| ക്രമ നം. | ഹെഡ് കോഡ് | ഇനം | ബജറ്റ് പ്രകാരം വകയിരുത്തിയ തുക | ഇൻകം&എക്സ്പെന്റിച്ചർ പ്രകാരമുള്ള ചെലവ് |
|---|---|---|---|---|
| 1 | 2101001 | ശമ്പളം | 80,00,000 | 90,55,090 |
| 2 | 2101002 | കൂലി | 3,00,000 | 3,88,410 |

| | | | | |
|---|---|---|---|---|
| 3 | 2208001 | മറ്റ് ഭരണച്ചെലവുകൾ | 3,00,000 | 3,64,717 |

പ്ലാൻ ചെലവുകൾ(റവന്യൂ)

| ക്രമ നം. | മേഖല | ബജറ്റ് പ്രകാരം വകയിരുത്തിയ തുക | യഥാർത്ഥത്തിലുള്ള ചെലവ് |
|---|---|---|---|
| 1 | ഉദ്പാദന മേഖല | 1,21,40,000 | 1,76,62,453 |
| 2 | പശ്ചാത്തല മേഖല | 1,11,10,000 | 1,32,81,990 |

ബജറ്റിൽ നിന്നുള്ള വ്യതിയാനം പരിശോധിക്കുന്നതിനായി monthly progress report, Annual review progress report എന്നിവ തയ്യാറാക്കിയിട്ടില്ല. നിർദ്ദേശിക്കപ്പെടുന്ന ഓരോ തുകയ്ക്കുമുള്ള ചിലവുകൾ ബജറ്റ് വകയിരുത്തലിന് അനുസരണമാണോ എന്ന് പ്രമാണീകരിക്കുകയും മതിയായ ഫണ്ട് ലഭ്യത, പ്രസ്തുത ചെലവുകൾക്ക് ഉണ്ടോ എന്നും ഉറപ്പ് വരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത ചുമതല നിർവഹിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല.

ചെലവുകൾ ബജറ്റ് വകയിരുത്തലിന് അനുസരണമാണ് എന്നുറപ്പ് വരുത്തുന്നതിലും ആവശ്യമായ സന്ദർഭങ്ങളിൽ ബജറ്റ് റീ അപ്രോപ്രിയേഷൻ നടത്തുന്നതിലും സപ്ലിമെന്ററി ബഡ്ജറ്റ് തയ്യാറാക്കുന്നതിലും ഗ്രാമപഞ്ചായത്ത് ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 2-2 തൊഴിൽ നികുതി അടവ് സംബന്ധിച്ച് കൃത്യമായ രേഖപ്പെടുത്തലില്ല

1. ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ജീവനക്കാരിൽ നിന്നും 14,18,250/- രൂപയും ട്രേഡേഴ്സിൽ നിന്നും 2,98,820/- രൂപയും ഉൾപ്പെടെ ആകെ 17,17,070/-രൂപ ഈടാക്കിയിട്ടുണ്ട്. എന്നാൽ പേജ് 31 മുതൽ 47 വരെ രേഖപ്പെടുത്തിയ ട്രേഡേഴ്സിന്റെ അടവ് വിവരം പരിശോധിച്ചതിൽ ട്രേഡേഴ്സിൽ നിന്നും ഈടാക്കേണ്ട മുഴുവൻ തുകയും ഈടാക്കിയിട്ടുണ്ടോ എന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തലില്ല.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വാണിജ്യാവശ്യത്തിനു വേണ്ടി നിർമ്മിച്ച കെട്ടിടത്തിന്റെ ഉടമകൾക്ക് അവരുടെ കെട്ടിടത്തിൽ ഏതൊക്കെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാൻ ആവശ്യപ്പെട്ട് കത്ത് നല്കിയതായോ തുടർന്ന് പ്രസ്തുത സ്ഥാപനങ്ങൾക്ക് തൊഴിൽ നികുതി അടവാക്കാൻ ആവശ്യപ്പെട്ട് കത്ത് നല്കിയതായോ കാണുന്നില്ല. അതിനാൽ തന്നെ രജിസ്റ്ററിൽ ട്രേഡേഴ്സ് ലിസ്റ്റിൽ തൊഴിൽ നികുതി അടവ് വരുത്തിയവ അധികവും നേരിട്ട് പഞ്ചായത്തിൽ അടവ് വരുത്തിയവയാണ്. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ ഉള്ള എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചിട്ടില്ല. അപാകതകൾ പരിശോധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതും തുടർനടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

2. മരിയൻ ഓഡിറ്റോറിയം, ഹോളി ക്രോസ് ഹോസ്പിറ്റൽ, ചാത്തംകണ്ടത്തിൽ ഫൈനാൻസിയേഴ്സ് എന്നിവ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി അടവാക്കിയോ എന്നത് രജിസ്റ്ററിൽ വ്യക്തമല്ല. കൂടാതെ കാലിക്കറ്റ് ലാന്റ് മാർക്ക് ബിൽഡേഴ്സ് ആന്റ് ഡവലപ്പേഴ്സ് ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതിയും സ്ഥാപനത്തിന്റെ ഒന്നും രണ്ടും അർദ്ധവർഷത്തെ തൊഴിൽ നികുതി അടവാക്കിയ വിവരവും രജിസ്റ്ററിൽ രേഖപ്പെടുത്തലില്ല.

മേൽ അപാകതകൾ പരിശോധിച്ച് തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെങ്കിൽ ആയവ ഈടാക്കാൻ നടപടി

സ്വീകരിക്കേണ്ടതാണ്.

## 2-3 ഷോപ്പിംഗ് കോപ്ലക്സ് വാടക ഈടാക്കിയില്ല.

കോടഞ്ചേരി ഗ്രാമപഞ്ചായത്ത് 2017-18 വർഷം ഷോപ്പിംഗ് കോപ്ലക്സ് റൂം നമ്പർ 10/711, 10/712, 10/713, 10/714, 10/716, 10/717, 10/718, 10/719 എന്നിവ വാടകയ്ക്കായി നല്കിയിട്ടുണ്ട്. ഇതിൽ റൂം നമ്പർ 10/711, 10/719 എന്നിവയുടെ വാടക പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല. കൂടാതെ 2016-17 വർഷം വാടകയ്ക്ക് നല്കിയ 10/59013 നമ്പർ മുറിയുടെ വാടകക്കുടിശ്ശികയും ഈടാക്കാനുണ്ട്.

വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | റൂം നം. | വാടകക്കാരന്റെ പേര് | മാസ വാടക | ഈടാക്കിയ തുക | ഈടാക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | 10/711 | ഗോപി | 4200 | - | 50400 |
| 2 | 10/719 | സിബി.എൻ.കെ | 6000 | 5361 | 54000 |
| 3 | 10/59013 | ഗോപി | 4000 | 12000 | 36000 |

തുക ഈടാക്കാൻ (പലിശ സഹിതം) വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. റൂം നമ്പർ 10/59013 ന്റെ കാര്യത്തിൽ 2016-17 വർഷം വാടക കുടിശ്ശിക വരുത്തിയവർക്ക് 2017-18 വരെ അതേ മുറി കൈവശം നൽകാനിടയായ സാഹചര്യം വിശദീകരിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 എം.എൻ.ആർ.ഇ.ജി.എസ്. - പ്രവൃത്തിയ്ക്ക് വേണ്ടി സാധന സാമഗ്രികൾ സമാഹരിയ്ക്കുന്നതിലെ അപാകത

2017-18 വർഷത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ 7 പ്രവൃത്തികൾക്ക്, അവയ്ക്ക് ആവശ്യമായ സാധന സാമഗ്രികൾ ടെൻഡർ നടപടിയിലൂടെ സമാഹരിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകത കാണുന്നു.

1. പ്രവൃത്തിയ്ക്ക് ആവശ്യമായ മെറ്റീരിയൽ സംഭരിക്കുമ്പോൾ അതിന് ആവശ്യമായ അളവിലാണോ കരാറുകാരൻ മെറ്റീരിയൽ വിതരണം ചെയ്തതെന്ന് സ്ഥാപനം ഉറപ്പ് വരുത്തുന്നില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര്, എം.ബുക്ക്, മെറ്റീരിയലിന് അനുവദിച്ച തുക | മെറ്റീരിയൽ വിതരണം ചെയ്ത കരാറുകാരൻ | അളവ് | എം.ബുക്ക് പ്രകാരം ആവശ്യമായ മെറ്റീരിയൽ | അപാകത |
|---|---|---|---|---|---|
| 1 | മുണ്ടൂർ-മൂന്നാനാംകുഴി റോഡ് | തോമസ് എ.വി. | എം.സാൻഡ് 1) 18.98 എം$^3$ | 17.42 എം$^3$ | എം.ബുക്ക് പേജ് 9 പ്രകാരം ഈ പ്രവൃത്തിക്ക് |

| | | | | | |
|---|---|---|---|---|---|
| | കോൺക്രീറ്റ് എം.ബുക്ക് 118/17-18 193305/- | | (കണ്ടിയിൽ സ്റ്റോൺ ക്രഷർ, സൂപ്പർ സാൻഡ് എന്നിവയുടെ ബില്ല് കാണുക) | | ആവശ്യമായ 10 എം.എം.മെറ്റൽ 4.3 എം$^3$ സിമന്റ് 12.528 മെട്രിക് ടൺ എന്നിവ വിതരണം ചെയ്തതിന് രേഖയില്ല |
| | | | 2) 20. എം.എം. മെറ്റൽ 12.74 എം3പൂന്നൂർ പൊയിൽ ഗ്രാനൈറ്റ് ബിൽ കാണുക) | 8.61 എം$^3$ | |
| | | | 3) 40 എം.എം. മെറ്റൽ 16.99 | 20.36 എം$^3$ | |
| 2 | വേളംകോട് -സ്കൂൾപടി റോഡ് കോൺക്രീറ്റ് 115/17-18 79798/- | തോമസ് എ.വി. | 1) എം.സാൻഡ് 7.07 എം$^3$ | 7.209 എം$^3$ | 10 എം.എം. മെറ്റൽ 1.78 എം$^3$ സിമന്റ് 5.184 ടൺ എന്നിവയ്ക്ക ബില്ലില്ല |
| | | | 2) 40 എം.എം. മെറ്റൽ 11.33 എം3 | 8.42 എം$^3$ | |
| | | | 3) 20 എം.എം. മെറ്റൽ 5.66 എം$^3$ | 3.56 എം$^3$ | |
| 3 | ഭായ് മുക്ക് മമ്പാറ്റപ്പാറ റോഡ് കോൺക്രീറ്റ് 110/17-18 244714/- | തോമസ് എ.വി. | 1) എം. സാൻഡ് 2.83 എം3 | 22.028 എം$^3$ | 10 എം.എം.മെറ്റൽ 5.445 എം$^3$ സിമന്റ് 15.84 മെട്രിക് ടൺ എന്നിവയ്ക്ക് ബില്ലില്ല |
| | | | 2) 20 എം.എം. മെറ്റൽ 19.54 എം$^3$ | 10.89 എം3 | |
| | | | 3) 40 എം.എം. മെറ്റൽ 5.66 എം$^3$ | 25.74 എം3 | |

| | | | | | |
|---|---|---|---|---|---|
| 4 | തെക്കേപ്പടി ചൂഴിയാടൻമല റോഡ് കോൺക്രീറ്റ് 119/17-18 253568/- | തോമസ് എ.വി. | 1) എം സാൻഡ് 18.41 എം3 | 22.828 എം$^3$ | 10 എം.എം.മെറ്റൽ 5.64 എം$^3$ സിമൻറ് 16.416 മെട്രിക് ടൺ എന്നിവയ്ക്ക് ബില്ലില്ല. |
| | | | 2) 40 എം.എം. മെറ്റൽ 2.83 എം$^3$ | 26.67 എം$^3$ | |
| | | | 3) 20 എം.എം. മെറ്റൽ 12.74 എം$^3$ | 11.28 എം$^3$ | |
| 5 | ഉല്ലാസ് നഗർ, ചെറുവള്ളിപ്പടി റോഡ് കോൺക്രീറ്റ് 114/07-18 253466/- | തോമസ് എ.വി. | 1) എം. സാൻഡ് 22.65 എം$^3$ | 22.8285 എം$^3$ | 10 എം.എം.മെറ്റൽ 5.643 എം$^3$ സിമന്റ് 16.4 മെട്രിക് ടൺ എന്നിവയ്ക്ക് ബില്ലില്ല. |
| | | | 2) 40 എം.എം. മെറ്റൽ 23.93 എം$^3$ | 26.676 എം$^3$ | |
| | | | 3) 20 എം.എം. മെറ്റൽ 11.32 എം$^3$ | 11.286 എം$^3$ | |
| 6 | കുളത്തിനാൽ വട്ടോളിത്താഴം റോഡ് കോൺക്രീറ്റ് 122/17-18 253614/- | തോമസ് എ.വി. | 1) എം. സാൻഡ് 16.99 എം$^3$ | 22.83 എം$^3$ | 10 എം.എം.മെറ്റൽ 5.643 എം$^3$ സിമന്റ് 16.416 ടൺ എന്നിവയ്ക്ക് ബില്ലില്ല |
| | | | 2) 40 എം.എം. മെറ്റൽ 22.65 എം$^3$ | 26.676 എം3 | |
| | | | 3) 20 എം.എം. മെറ്റൽ 16.99 എം3 | 11.286 എം$^3$ | |
| 7 | ശാന്തിനഗർ - കുറ്റൂർ പട്ടാളപ്പടി റോഡ് കോൺക്രീറ്റ് 121/17-18 | തോമസ് എ.വി. | 1) എം.സാൻഡ് 14.16 എം$^3$ | 14.015 എം$^3$ | 10 എം.എം.മെറ്റൽ 3.47 എം$^3$ സിമന്റ് 10.08 മെട്രിക് ടൺ എന്നിവയ്ക്ക് ബില്ലില്ല |
| | | | 2) 40 എം,എം, മെറ്റൽ 16.99 | 16.38 എം$^3$ | |

| | | | | | |
|---|---|---|---|---|---|
| | | | എം$^{3}$ | | |
| | 155727/- | | 3) 20 എം.എം. മെറ്റൽ 11.33 എം$^{3}$ | 6.93 എം$^{3}$ | |

മേൽ പ്രവൃത്തികളിൽ കരാറുകാരൻ മെറ്റീരിയൽ വിതരണം ചെയ്തപ്പോൾ, പ്രവൃത്തിയ്ക്ക് ആവശ്യമായ 10 എം.എം. മെറ്റൽ, സിമന്റ് എന്നിവ വിതരണം ചെയ്തതിന്റെ രേഖകൾ (ബില്ല്) ഫയലില്ല. മെറ്റീരിയിൽ വിതരണം ചെയ്ത വകയിൽ കരാറുകാരന് അനുവദിച്ച തുകയിൽ മേൽ കാണിച്ച പ്രകാരം 10 എം.എം. മെറ്റൽ, സിമന്റ് എന്നിവയുടെ വില കൂടി ഉൾപ്പെട്ടവയാണ്.

2. മേൽ പ്രവൃത്തിയ്ക്ക് ആവശ്യമായ എം. സാൻഡ്, മെറ്റൽ എന്നിവയുടെ അളവും (എം.ബുക്ക് പ്രകാരം) കരാറുകാരൻ വിതരണം ചെയ്ത മെറ്റീരിയലിന്റെ അളവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഓരോ പ്രവൃത്തിയുടെ കാര്യത്തിലും ഭീമമായ അന്തരം കാണുന്നു. ഭായ് മുക്ക്, മമ്പറ്റപ്പാറ റോഡ് കോൺക്രീറ്റിന് ആവശ്യമായ 40 എം.എം. മെറ്റൽ 25.74 എം3 (മെറ്റീരിയൽ ആഡിക്വസി എം.ബുക്ക് പ്രകാരം) വേണമെന്നിരിക്കെ കരാറുകാരൻ 5.66 എം3 മാത്രമാണ് വിതരണം ചെയ്തത്. പ്രവൃത്തിയുടെ ഫയലിൽ കരാറുകാരൻ 40 എം.എം. മെറ്റൽ വിതരണം ചെയ്തതിന്റെ ബില്ലിൽ നിന്നും ഇത് വ്യക്തമാകുന്നു. ഇത്തരത്തിൽ ഓരേ കരാറുകാരനാണ് 7 പ്രവൃത്തിക്കും കൂടി സാധനങ്ങൾ വിതരണം ചെയ്തത് എന്ന് കണക്കാക്കിയാൽ തന്നെ താഴെ കൊടുക്കുന്ന പ്രകാരം വ്യത്യാസമുണ്ട്.

| ക്രമ നമ്പർ | സാധനങ്ങൾ | എം.ബുക്ക് പ്രകാരം ആവശ്യമായവ | കരാറുകാരൻ ബില്ല് പ്രകാരം വിതരണം ചെയ്തത് |
|---|---|---|---|
| 1 | എം. സാൻഡ് | 129.15 എം3 | 101.09 എം3 |
| 2 | 40 എം.എം. മെറ്റൽ | 150.922 എം3 | 100.38 എം3 |
| 3 | 20 എം.എം. മെറ്റൽ | 63.842 എം3 | 90.32 എം3 |

ഇതിൽ നിന്നും മെറ്റീരിയൽ വിതരണം ചെയ്യുമ്പോൾ കൃത്യമായ പരിശോധന നടക്കുന്നില്ല എന്ന് വ്യക്തമാകുന്നു. ആവശ്യമായതിലും കുറവ് സാധനങ്ങൾ വിതരണം ചെയ്യുമ്പോൾ പ്രവൃത്തിയുടെ ഗുണനിലവാരത്തെ ബാധിക്കുന്നതിനാൽ ഇതിൽ അതീവ ശ്രദ്ധ ചെലുത്തേണ്ടതാണ്.

3. കരാറുകാരൻ മേൽ കാണിച്ച 7 പ്രവൃത്തികൾക്കും മെറ്റീരിയൽ വിതരണം ചെയ്തതിന്റെ ഭാഗമായി സമർപ്പിച്ച ബില്ലുകളിൽ, ഒരേ ബില്ല് തന്നെ വിവിധ പ്രവൃത്തിക്ക് സാധനം വിതരണം ചെയ്ത വകയിൽ ഹാജരാക്കിയിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഹാജരാക്കിയ ബില്ല് | വിതരണം ചെയ്ത സാധനം/അളവ് | കുറിപ്പ് |
|---|---|---|---|---|
| 1 | ശാന്തിനഗർ - കുറ്റൂർ പട്ടാളപ്പടി റോഡ് | തോമരപ്പാറ ബ്രിക്സ് & മെറ്റൽസ് | 40 എം,എം, മെറ്റൽ 200 ക്യൂബിക് ഫൂട്ട് | ഭായ് മുക്ക്-മാമ്പറ്റപ്പാറ റോഡ് കോൺക്രീറ്റ് ഇതേ ബിൽ സമർപ്പിച്ച |

| | | | | |
|---|---|---|---|---|
| | കോൺക്രീറ്റ് | ബിൽ നമ്പർ 6482/ 22.02.2018 ബിൽ നമ്പർ 6314/ 15.02.2018 | | വേളങ്കോട്-സ്കൂൾപ്പടി റോഡ് കോൺക്രീറ്റ് ചെയ്യൽ -ഇതേ ബിൽ സമർപ്പിച്ചു |
| 2 | ശാന്തിനഗർ - കറ്റൂർ പട്ടാളപ്പടി റോഡ് കോൺക്രീറ്റ് | പൂന്തുർപ്പൊയിൽ ഗ്രാനൈറ്റ് ബിൽ നമ്പർ 14893/24.03.2018 | 20 എം.എം. മെറ്റൽ 400 ക്യൂബിക്ക് ഫൂട്ട് | ഇതേ ബിൽ ഉല്ലാസ് നഗർ ചെറുശ്ശേരിപ്പടി റോഡ് കോൺക്രീറ്റ് ഇതേ ബിൽ സമർപ്പിച്ചു. |
| 3 | വേളങ്കോട് - സ്കൂൾപ്പടി റോഡ് കോൺക്രീറ്റ് | സൂപ്പർ സാൻഡ് ബിൽ നമ്പർ 2030/07.03.2018 | എം. സാൻഡ് 100 ക്യൂബിക് ഫൂട്ട് | ഇതേ ബിൽ ഉല്ലാസ് നഗർ ചെറുശ്ശേരിപ്പടി റോഡ് കോൺക്രീറ്റ് ഇതേ ബിൽ സമർപ്പിച്ചു. |
| 4 | വേളങ്കോട് - സ്കൂൾപ്പടി റോഡ് കോൺക്രീറ്റ് | സൂപ്പർ സാൻഡ് ബിൽ നമ്പർ 2176/20.03.2018 | എം. സാൻഡ് 150 ക്യൂബിക് ഫൂട്ട് | മുണ്ടൂർ - മൂന്നാനാംകുഴി റോഡ് കോൺക്രീറ്റ് ഇതേ ബിൽ സമർപ്പിച്ചു. |

മേൽ അപാകത ഗുരുതരമായ വീഴ്ചയാണ്. ഇതിന് വിശദീകരണം നൽകേണ്ടതാണ്.

4. ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയ്ക്ക് ആവശ്യമായ മെറ്റീരിയൽ വിതരണം ചെയ്യാൻ 19.02.2018 ന് ടെണ്ടർ ക്ഷണിക്കുകയുണ്ടായത്. 28 പ്രവൃത്തികൾക്കാണ് മെറ്റീരിയൽ ആവശ്യമായിട്ടുള്ളത്. ഇതിന്റെ ഭാഗമായി ക്ഷണിച്ച ടെണ്ടർ പരസ്യത്തിൽ ജി.എസ്.ടി. രജിസ്ട്രേഷൻ ഉള്ള വിതരണക്കാരിൽ നിന്നും, അംഗീകൃത കരാറുകാരിൽ നിന്നും മൽസര സ്വഭാവമുള്ള ടെണ്ടർ ആണ് ക്ഷണിച്ചത്. ഇതിന്റെ ഭാഗമായി 2 കരാറുകാർ ടെണ്ടറിൽ പങ്കെടുക്കുകയും, ശ്രീ. തോമസ് എ.വി. എന്ന കരാറുകാരന് എസ്റ്റിമേറ്റ് നിരക്കിൽ മെറ്റീരിയൽ വിതരണത്തിനുള്ള ടെണ്ടർ 06.03.2018ലെ 3 നമ്പർ തീരുമാന പ്രകാരം ഗ്രാമ പഞ്ചായത്ത് അംഗീകരിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ കരാറുകാരൻ ക്രമ നമ്പർ 1ൽ പരാമർശിച്ച പ്രകാരം എം. സാൻഡ്, 40 എം.എം. മെറ്റൽ, 20 എം.എം. മെറ്റൽ എന്നിവ വിതരണം ചെയ്തു. ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകത കാണുന്നു. അംഗീകൃത കരാറുകാരനിൽ നിന്ന് മെറ്റീരിയൽ വിതരണം ചെയ്തത് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച്, അതിന് പണം നൽകുമ്പോൾ, കരാറുകാരനിൽ നിന്ന് അയാളുടെ വിതരണ സ്ഥാപനത്തിന്റെ ക്യാഷ് ബിൽ ആവശ്യപ്പെടേണ്ടതാണ്. എന്നാൽ ക്യാഷ് ബില്ലിന്റെ അഭാവത്തിലാണ് പണം നൽകിയത്. കൂടാതെ വിവിധ മരാമത്ത് ബില്ലിൽ ടിയാൻ സമർപ്പിച്ച മെറ്റീരിയലിന്റെ ബില്ലിൽ, കരാറുകാരൻ വിവിധ സ്ഥാപനങ്ങളിൽ നിന്ന് മെറ്റീരിയൽ വാങ്ങി ഗ്രാമപഞ്ചായത്തിന് നൽകുകയായിരുന്നു എന്ന് വ്യക്തമാകുന്നു. അതായത് മെറ്റീരിയൽ സപ്ലൈ ചെയ്യുന്ന കാര്യത്തിൽ ഒരു ബിനാമിയായി പ്രവർത്തിച്ചു എന്ന് കാണുന്നു. ടെൻഡർ പരസ്യം ചെയ്യുമ്പോൾ

അംഗീകൃത വിതരണക്കാരിൽ നിന്ന് ടെണ്ടർ ക്ഷണിക്കേണ്ടതിന് പകരം വിതരണക്കാരിൽ നിന്നും, അംഗീകൃത കരാറുകാരിൽ നിന്നും ( 2 കൂടി) പരസ്യത്തിൽ കാണിച്ചതിനാലാണ് കരാറുകാരൻ ടെണ്ടറിൽ പങ്കെടുത്തതും, ബിനാമിയായി പ്രവർത്തിക്കാനിടയായതും. ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അംഗീകൃത വിതരണക്കാരിൽ നിന്ന് ടെണ്ടർ ക്ഷണിക്കാൻ നിർദ്ദേശിച്ചപ്പോൾ, പരസ്യത്തിൽ അംഗീകൃത കരാറുകാരൻ എങ്ങനെ ഉൾപ്പെട്ടുവെന്ന് പരിശോധിക്കേണ്ടതാണ്.

കരാറുകാരൻ ക്യാഷ് ബിൽ ഹാജരാക്കാത്തതിനാൽ മെറ്റീരിയൽ വിതരണം ചെയ്യാൻ കരാറുകാരന് അധികാരമുണ്ടോ എന്ന വസ്തുത നിലനിൽക്കുന്നു. അതിനാൽ ക്യാഷ് ബില്ലിന്റെ അഭാവത്തിൽ, ജി.എസ്.ടി. ഇനത്തിൽ സംസ്ഥാന സർക്കാരിന് നഷ്ടമുണ്ടോ എന്ന് പരിശോധിച്ച് ഉചിതമായ നടപടി കൈക്കൊള്ളേണ്ടതാണ്.

## 3-2 ബോർഡ് മീറ്റിംഗ് തീരുമാനം യഥാവിധി നടപ്പാക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ 23.06.2017 ലെ 51/2017(2) നമ്പർ തീരുമാന പ്രകാരം കുടുംബശ്രീയിൽ നടന്ന ക്രമക്കേട് പ്രത്യേകം യോഗം ചേർന്ന് ചർച്ച ചെയ്യാനും സാമ്പത്തിക ക്രമക്കേടിന് കുറ്റക്കാരെ കണ്ടെത്താൻ വിജിലൻസിന് കൈമാറാനും തീരുമാനിച്ചു. ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്ത വസ്തുത കാണുന്നു.

2004 ൽ കുടുംബശ്രീ സി.ഡി.എസ് അയൽക്കൂട്ടങ്ങൾ മുഖേന പാചകവാതക ഗ്യാസ് കണക്ഷൻ വായ്പ വിതരണം ചെയ്തിരുന്നു. ഇതിനാവശ്യമായ തുക കേരള ഗ്രാമീൺ ബാങ്കിന്റെ കണ്ണോത്ത് ശാഖയിൽ നിന്നാണ് എടുത്തത്. 15.06.17 ൽ 625000 രൂപയും (A/C No.14515240000604) 15.10.2004 ന് 1042500 രൂപയും (A/c No.14515240001004) രൂപ കൂടി ആകെ 1667500 രൂപ വായ്പയെടുത്തു. ഈ ലോണിന്റെ തിരിച്ചടവ് കാലാവധി പൂർത്തിയായിട്ടും നിലവിൽ അക്കൗണ്ട് നമ്പർ 1004 ൽ 2017 ജൂൺമാസം 15-ാം തീയതി 358055 രൂപയും അക്കൗണ്ട് നമ്പർ 604 ൽ 146868 രൂപയും ഉൾപ്പടെ ആകെ 504923 രൂപ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നു. ഇതിന് കാരണം അന്വേഷിച്ചതിൽ 2005-2010 കാലയളവിലെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, വി.ഇ.ഒ എന്നിവർ ഇത് പരിശോധിച്ചതിൽ അയൽക്കൂട്ടത്തിൽ നിന്ന് കിട്ടാനുള്ള തുകകൾ പൂർണ്ണമായും സി.ഡി.എസിൽ അടച്ചെന്നും, അന്നത്തെ ചെയർപേഴ്സൺ കിട്ടിയ പണം ബാങ്കിൽ അടവാക്കാത്തതാണെന്നും ബോർഡിന്റെ മീറ്റിംഗിൽ പ്രമേയം അവതരിപ്പിച്ചുവെങ്കിലും ബോർഡ് തീരുമാനത്തിന് തുടർനടപടി സ്വീകരിച്ച് കാണുന്നില്ല.

മേൽ കാര്യത്തിൽ വിശദമായ അന്വേഷണം നടത്തേണ്ടതും പ്രമേയത്തിൽ വ്യക്തമാക്കിയ കാര്യം വസ്തുതയ്ക്ക് നിരക്കുന്നതാണെങ്കിൽ തുടർ നടപടിയും സ്വീകരിക്കേണ്ടതാണ്.

## 3-3 വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല

ജി.ഒ.(എം.എസ്) നം.10/17/തസ്വഭവ തീയതി 9.1.17 ഉത്തരവിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലകളെക്കുറിച്ച് വിവരിക്കുന്നുണ്ട്. പൊതുജനങ്ങളുടെ നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിൽ ജനപങ്കാളിത്തം ഉറപ്പു വരുത്തുകയും അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുകയും ചെയ്യേണ്ടത് വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. ഓരോ വികസന മേഖലയിലും കഴിഞ്ഞ 20 വർഷത്തിനുള്ളിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങളും പോരായ്മകളും പ്രതിഫലിക്കുന്ന രീതിയിൽ അവസ്ഥാ വിശകലനം നടത്തേണ്ടതാണ്. അവസ്ഥാ വിശകലനത്തിൽ ബന്ധപ്പെട്ട വികസനമേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും സാദ്ധ്യതകളും കണ്ടെത്തുകയും പ്രശ്നപരിഹാര നിർദ്ദേശങ്ങൾ രൂപീകരിക്കുകയും വേണം. അവസ്ഥാവിശകലനം അവലംബമാക്കി ഓരോ വികസനമേഖലയും നേരിടുന്ന പ്രധാനവെല്ലുവിളികൾ, വികസനത്തിലെ നിലവിലുള്ള വിടവുകൾ, വികസനം മെച്ചപ്പെടുത്തുന്നതിനുള്ള സാദ്ധ്യതകൾ, അതിന് സ്വീകരിക്കാവുന്ന തന്ത്രം എന്നിവയെല്ലാം ഉൾപ്പെടുത്തി ഒരു അവസ്ഥാരേഖ (സ്റ്റാറ്റസ് റിപ്പോർട്ട്) യഥാസമയം തയ്യാറാക്കി തദ്ദേശഭരണ സ്ഥാപനത്തിന് സമർപ്പിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന അവസ്ഥാരേഖയിൽ പ്രദിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാണ് പ്രൊജക്ടുകൾക്ക് രൂപം നൽകേണ്ടത്. ഗ്രാമപഞ്ചായത്തിലെ 12 വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയ അവസ്ഥാരേഖകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. കുടിവെള്ളം, ശുചിത്വം, ഊർജ്ജം എന്നീ മേഖലകളിൽ അവസ്ഥാവിശകലനം നടത്തിയിട്ടില്ല. ഈ മേഖലകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരങ്ങളും ഉൾപ്പെടുത്താതെയാണ് അവസ്ഥാരേഖ

തയ്യാറാക്കിയത്. അതിനാൽ തന്നെ ഈ മേഖലകളിലെ പ്രശ്നങ്ങൾ പരിഹരിക്കാനുതകുന്ന തരത്തിലുള്ള പ്രൊജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കാൻ സാധിക്കാത്ത അവസ്ഥയുണ്ടായി. നടപ്പിലാക്കിയ പ്രൊജക്ടുകൾ ലക്ഷ്യം കൈവരിച്ചതുമില്ല. ഉദാ. വി ഇ ഒ നടപ്പിലാക്കിയ 'പ്ലാസ്റ്റിക് മാലിന്യം തരം തിരിച്ച് ശേഖരിക്കൽ' എന്ന പ്രൊജക്ട് പ്രകാരം ഹരിതകേരളമിഷന്റെ ഭാഗമായി 21 വാർഡുകളിലെ 9763 വീടുകളിൽ നിന്നും ഗുണഭോക്തൃവിഹിതമായി 30രൂപ വീതം 2 പ്രാവശ്യം ആകെ 585780രൂപ ഈടാക്കി 500000രൂപ പഞ്ചായത്തിന്റെ വിഹിതം കൂടി ഉൾപ്പെടുത്തി പ്ലാസ്റ്റിക് മാലിന്യം തരം തിരിച്ച് ശേഖരിക്കുന്നതിന് വേണ്ടി ചെലവഴിക്കാനാണ് ലക്ഷ്യമിട്ടത്. യൂസർ ഫീയിനത്തിൽ പിരിച്ചെടുക്കുന്ന തുകയേക്കാൾ കൂടുതൽ ചെലവ് വരുകയാണെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള വയബിലിറ്റി ഗ്യാപ് ഫണ്ടായാണ് തുക വകയിരുത്തിയത്. മാലിന്യം ശേഖരിക്കുന്നതിനായി രൂപീകരിച്ച ഹരിതകർമ്മസേനയ്ക്ക് പ്രൊജക്ട് പ്രകാരം 126000 രൂപ നൽകിയിട്ടുണ്ട്. യൂസർഫീയിനത്തിൽ ആകെ 50100 രൂപയാണ് പിരിച്ചെടുക്കാനായത്. എല്ലാ മാസവും മാലിന്യം ശേഖരിച്ച് മാലിന്യം സംഭരിക്കാനുള്ള MRF കേന്ദ്രത്തിൽ എത്തിക്കുന്നതിനാണ് പ്രൊജക്ട് ലക്ഷ്യമിട്ടതെങ്കിലും ഒരു പ്രാവശ്യം മാത്രമാണ് ശേഖരിച്ചിട്ടുള്ളത്. അതിനാൽ തന്നെ ഗ്രാമപഞ്ചായത്തിനെ മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യം കൈവരിക്കാനായില്ല.

2. പദ്ധതിരേഖയിൽ ഉൾപ്പെട്ടിട്ടുള്ള ജലസേചനത്തിന് കിണർ, കിണർ റീചാർജിംഗ് എന്നിവ കൃഷി മേഖലയിൽ തയ്യാറാക്കിയ അവസ്ഥാരേഖയിൽ ഉൾപ്പെട്ടിട്ടില്ല. ആവശ്യകത പരിഗണിക്കാതെ തയ്യാറാക്കിയ പ്രൊജക്ടായതിനാൽ തന്നെ ജലസേചനത്തിന് കിണർ എന്ന പ്രൊജക്ടിന് 152500രൂപ വികസനഫണ്ട് വകയിരുത്തിയതിൽ 15000 രൂപ മാത്രമാണ് ചെലവഴിച്ചത്. കിണർ റീചാർജിംഗ് എന്ന പ്രൊജക്ട് ഗുണഭോക്താക്കളില്ലാത്തതിനാൽ നടപ്പിലാക്കിയതുമില്ല. യഥാർത്ഥ്യബോധത്തോടെയുള്ള പദ്ധതി രൂപീകരണവും, കൃത്യമായ നടത്തിപ്പും സാധ്യമാവുന്നതിന് മേഖലയെ സംബന്ധിച്ച സ്റ്റാറ്റസ് റിപ്പോർട്ട് പരിഷ്കരിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾക്ക് സ്റ്റാറ്റിംഗ് കമ്മിറ്റി മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയാൽ മാത്രമേ പദ്ധതി നിർവ്വഹണം വിജയത്തിലെത്തൂ.

## 3-4 <u>പദ്ധതി ആസൂത്രണത്തിലെ പിഴവ്- അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പിലാക്കുന്നില്ല.</u>

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തിലെ പഞ്ചായത്ത് തല വർക്കിംഗ് ഗ്രൂപ്പ്, വികസനസെമിനാർ, ഗ്രാമസഭ, വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി, ക്ഷേമകാര്യസ്റ്റാൻഡിംഗ്കമ്മറ്റി, പഞ്ചായത്ത് ഭരണസമിതി എന്നിവയുടെ മിനുട്സ്, സ്റ്റാറ്റസ് റിപ്പോർട്ട് എന്നിവ പരിശോധിച്ചതിൽ 2017-18 വർഷം അംഗീകാരം ലഭിച്ച 334 പദ്ധതികളിൽ 102 പദ്ധതികൾ തൻവർഷം നടപ്പിലാക്കിയിട്ടില്ല എന്നു കണ്ടു.

വിവിധ കാരണങ്ങളാൽ നടപ്പിലാക്കാത്ത പദ്ധതികൾക്ക് ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

1. വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ളവ

| ക്രമ നം. | നിർവഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടിന്റെ പേര്/നം | അടങ്കൽ | റിമാർക്സ് |
|---|---|---|---|---|
| 1 | സെക്രട്ടറി | അറവുശാലനിർമ്മാണം - സ്ഥലം വാങ്ങൽ SO 14/18 | 3000000 – തനത് ഫണ്ട്<br>4500000 – മറ്റുള്ളവ<br>7500000 (ആകെ) | സ്ഥലം ലഭ്യമായില്ല. |
| 2 | വി ഇ ഒ | റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റ് - SO 288/18 | 300000- വികസനഫണ്ട്(ജനറൽ)<br>100000 – മറ്റുള്ളവ | ഗുണഭോക്താക്കളെ കണ്ടെത്താനായില്ല |

| | | | | |
|---|---|---|---|---|
| | | | 400000 (ആകെ) | |
| 3 | വെറ്ററിനറി സർജൻ | മുട്ടക്കോഴി വിതരണം (ജനറൽ) - 135/18 | 399900 – വികസനഫണ്ട്(ജനറൽ)<br>399900 – മറ്റുള്ളവ<br>799800 (ആകെ) | കോഴികളെ ലഭിച്ചില്ല |
| 4 | ടി | മുട്ടക്കോഴി വിതരണം (എസ് സി) - 145/18 | 157500– വികസനഫണ്ട്(എസ് സി പി)<br>52500 - മറ്റുള്ളവ<br>210000 (ആകെ) | ടി |

2. ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ളവ

| ക്രമ നം. | നിർവഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടിന്റെ പേര്/നം | അടങ്കൽ | റിമാർക്സ് |
|---|---|---|---|---|
| 1 | സെക്രട്ടറി | മാലിന്യസംസ്കരണപ്ലാന്റിന് സ്ഥലം വാങ്ങൽ-<br>SO 16/18 | 1300000 – ധനകാര്യകമ്മീഷൻ അവാർഡ്<br>4700000 - മറ്റുള്ളവ<br>6000000 (ആകെ) | സ്ഥലം ലഭ്യമായില്ല |

3. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ളവ

| ക്രമ നം. | നിർവഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടിന്റെ പേര്/നം | അടങ്കൽ | റിമാർക്സ് |
|---|---|---|---|---|
| 1 | സെക്രട്ടറി | വൃദ്ധസദനം - സ്ഥലം വാങ്ങൽ SO 15/18 | 700000 - വികസനഫണ്ട്(ജനറൽ) | സ്ഥലം ലഭ്യമായില്ല. |
| 2 | ടി | അങ്കണവാടികൾക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ - SO 12/18 | 150000 – തനത് ഫണ്ട് | |

ആവശ്യകത നിർണ്ണയിക്കാതെയും അവസ്ഥാവിശകലനം നടത്താതെയും പദ്ധതികൾ രൂപീകരിച്ചുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്. മേൽ പദ്ധതികൾ നടപ്പിലാക്കുന്നതിൽ നേരിട്ട തടസ്സം സ്റ്റാന്റിംഗ് കമ്മിറ്റിയും മോണിറ്ററിംഗ് സമിതിയും യഥാസമയങ്ങളിൽ നിരീക്ഷിക്കുകയും നിർവ്വഹണ ഉദ്യോഗസ്ഥന് മാർഗ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി, വികസന സെമിനാർ എന്നീ ഘട്ടങ്ങളിലൂടെ കടന്നുവന്ന പദ്ധതികൾ നടപ്പിലാക്കുന്നു എന്ന് അതാത് സ്റ്റാന്റിംഗ് കമ്മിറ്റികൾ ഉറപ്പു വരുത്തേണ്ടതാണ്.

## **3-5** പൊതുടാപ്പുകളുടെ വെള്ളക്കരം - അധികം തുക അടവാക്കുന്നു

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട് നം-SO 4/18, കെ. ഡബ്ല്യൂ.എ വാട്ടർ ചാർജ് അടക്കൽ

അടങ്കൽ - 1010680, സംരക്ഷണഗ്രാന്റ് (നോൺ റോഡ്)

ചെലവ് - 909567

2017-18 വർഷം ഗ്രാമപഞ്ചായത്ത് വെള്ളക്കരം ഇനത്തിൽ താഴെ പറയുംപ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ബിൽ നം./തീയതി | തുക |
|---|---|
| 17170152012100268244/27.7.17 | 101063 |
| 17170152012100367590/22.8.17 | 101063 |
| 17170152012100467103/24.9.17 | 101063 |
| 17170152012100544382/18.10.17 | 101063 |
| 17170152012100661187/14.11.17 | 101063 |
| 17170152012100782736/26.12.17 | 101063 |
| 17170152012100922824/30.1.18 | 101063 |
| 17170152012101010747/19.2.18 | 101063 |
| 17170152012101170250/18.3.18 | 101063 |
| ആകെ | 909567 |

വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം ടാപ്പൊന്നിന് പ്രതിവർഷം5250 രൂപ നിരക്കിൽ 231 ടാപ്പുകളുടെ വെള്ളക്കരമായാണ് 101063 രൂപ പ്രതിമാസം അടവാക്കുന്നത്. പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം ഗ്രാമപഞ്ചായത്ത് സംയുക്തപരിശോധനയിലൂടെ തിട്ടപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കി

സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് സമർപ്പിച്ച വാർഷികറിപ്പോർട്ടിലെ വിവരങ്ങളനസരിച്ച് നിലവിൽ പ്രവർത്തനക്ഷമമായ ടാപ്പുകൾ 115 എണ്ണം മാത്രമാണ്. ആയതിൽ നിന്നും പൊതു ടാപ്പുകളിൽ പലതും ഇപ്പോൾ പ്രവർത്തന ക്ഷമമല്ല എന്ന് കാണുന്നു. അതായത് വാട്ടർ അതോറിററി നൽകുന്ന ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുക ശരിയാണോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താതെയാണ് വെള്ളക്കരം അടവാക്കി പോരുന്നത്. വാട്ടർ അതോറിറ്റിയുമായി സംയുക്തപരിശോധന നടത്തി ടാപ്പുകളുടെ എണ്ണം നിശ്ചയിക്കാത്തതിനാൽ എല്ലാ മാസവും അടക്കേണ്ട തുകയുടെ ഇരട്ടി തുകയാണ് അടച്ചുകൊണ്ടിരിക്കുന്നത്. ഈ വിവരങ്ങളിൽ നിന്നും വ്യക്തമായ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം കണക്കാക്കുന്നതിലും, കണ്ടെത്തുന്നതിലും വർക്കിംഗ് ഗ്രൂപ്പ്, മേൽനോട്ടചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി, ഗ്രാമപഞ്ചായത്ത് എന്നിവർ ശ്രദ്ധ ചെലുത്തേണ്ടതാണ്.

മേൽ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം സംയുക്ത പരിശോധനയിലൂടെ തിട്ടപ്പെടുത്തേണ്ടതും ആയതിനെ അടിസ്ഥാനപ്പെടുത്തിയാണ് വെള്ളക്കരം ഈടാക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാവർക്കും എല്ലായ്പ്പോഴും ശുദ്ധജലലഭ്യത ഉറപ്പുവരുത്തേണ്ടത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. പഞ്ചായത്തിലെ വാർഷിക ജലലഭ്യത തിട്ടപ്പെടുത്തുന്നതിനും വരൾച്ച സ്ഥിതിവിശേഷം നേരിടുന്നതിനുള്ള അടിയന്തിര പദ്ധതി തയ്യാറാക്കുന്നതിനുമുള്ള പഠനം നടത്തി എല്ലാവർക്കും കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 3-6 ശമ്പള പരിഷ്കരണ കുടിശ്ശിക – ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല

സ. ഉ (പി)7/2016/ഫിൻ തീ. 20.01.2016 പ്രകാരം ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം ഗ്രാമ പഞ്ചായത്തിലെ ജിവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 2017-18 സാമ്പത്തികവർഷത്തിൽ ജീവനക്കാരുടെ ശമ്പളകുടിശ്ശികയുടെ 1, 2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്.

| ഗഡു | വൗച്ചർ നം, തീയതി | തുക |
|---|---|---|
| I | 21700195/24.05.2017 | 2,46,885 |
| | 21700194/24.05.2017 | 42,310 |
| | 21700061/17.04.2017 | 44,916 |
| II | 21700844/27.11.2017 | 2,01,344 |
| | 21700845/27.11.2017 | 34,504 |

മേൽ ഉത്തരവിലെ ഖണ്ഡിക 48 പ്രകാരം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. 1, 2 ഗഡുക്കൾ അടവാക്കിയ ജീവനക്കാരുടെ പെൻഷൻ കോണ്ടട്രിബ്യൂഷൻ അടവാക്കിയതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പേര് , തസ്തിക | അടവാക്കേണ്ടത് | | അടവാക്കിയത് | | വ്യത്യാസം |
|---|---|---|---|---|---|
| ഷിന. വി. കെ സീനിയർ ക്ലാർക്ക് | 28500x3x15/100 (07/14-09/14) | 12,825 | 13900x3x15/100 (07/14-09/14) | 6,255 | 6,570 |
| | 29200x12x15/100 (10/14-09/15) | 52,560 | 14260x12x15/100 (10/14-09/15) | 25,668 | 26,892 |
| | 29900x4x15/100 (10/15-01/16) | 17,940 | 14260x4x15/100 (10/15-01/16) | 8,772 | 9,168 |

| | | | | | |
|---|---|---|---|---|---|
| സുരേഷ് കുമാർ. കെ<br>സീനിയർ ക്ലാർക്ക് | 27150x12x15/100<br>(07/14-6/15) | 48,870 | 13540x12x15/100<br>(07/14-6/15) | 24,372 | 24,498 |
| | 27800x3x15/100<br>(7/15-9/15) | 12,510 | 13900x3x15/100<br>(7/15-9/15) | 6,255 | 6,255 |
| | 26903x1x15/100<br>(10/15) | 4,035 | 13542x1x15/100<br>(10/15) | 2,031 | 2,004 |
| | 27800x3x15/100<br>(11/15-1/16) | 12,510 | 13900x3x15/100<br>(11/15-1/16) | 6,255 | 6,255 |
| ദേവി. കെ<br>അസി. സെക്രട്ടറി | 38500x5x15/100<br>(07/14-11/14) | 28,875 | 19240x5x15/100<br>(07/14-11/14) | 14,430 | 14,445 |
| | 39500x10x15/100<br>(12/14-09/15) | 59,250 | 19740x10x15/100<br>(12/14-09/15) | 29,610 | 29,640 |
| | 38183x1x15/100<br>(10/15) | 5,727 | 19103x1x15/100<br>(10/15) | 2,865 | 2,862 |
| | 39500x1x15/100<br>(11/15) | 5,925 | 19740x1x15/100<br>(11/15) | 2,961 | 2,964 |
| | 40500x2x15/100<br>(12/15-1/16) | 12,150 | 20240x2x15/100<br>(12/15-1/16) | 6,072 | 6,078 |
| രഞ്ജിനി. കെ<br>അക്കൗണ്ടന്റ് | 31500x12x15/100<br>(07/14-06-15) | 56,700 | 15780x12x15/100<br>((07/14-06-15)) | 28,404 | 28,296 |
| | 32300x3x15/100<br>(7/15-09/15) | 14,535 | 16180x3x15/100<br>(07/15-09/15) | 7,281 | 7,254 |
| | 31258x1x15/100<br>(10/15) | 4,689 | 15658x1x15/100<br>(10/15) | 2,349 | 2,340 |
| | 32300x3x15/100<br>(11/15-01/16) | 14,535 | 16180x3x15/100<br>(11/15-01/16) | 7,281 | 7,254 |
| മനോജ് കുമാർ. ടി<br>സീനിയർ ക്ലാർക്ക് | 29200x10x15/100<br>(07/14-04/15) | 43,800 | 14620x10x15/100<br>(07/14-04/15) | 21,930 | 21,870 |
| | 29900x5x15/100<br>(5/15-09/15) | 22,425 | 14980x5x15/100<br>(5/15-09/15) | 11,235 | 11,190 |
| | 28903x1x15/100<br>(10/15) | 4,335 | 14497x1x15/100<br>(10/15) | 2,175 | 2,160 |
| | 29900x3x15/100<br>(11/15-01/16) | 13,455 | 14980x3x15/100<br>(11/15-01/16) | 6,741 | 6,714 |

<table>
<tr><td rowspan="4">രാജ്മോഹൻ ചാക്കോ<br>ക്ലാർക്ക്</td><td>22200x9x15/100<br>(07/14-03/15)</td><td>29,970</td><td>11020x9x15/100<br>(07/14-03/15)</td><td>14,877</td><td>15,093</td></tr>
<tr><td>22800x6x15/100<br>(04/15-09/15)</td><td>20,520</td><td>11320x6x15/100<br>(04/15-09/15)</td><td>10,188</td><td>10,332</td></tr>
<tr><td>22065x1x15/100<br>(10/15)</td><td>3,310</td><td>10955x1x15/100<br>(10/15)</td><td>1,644</td><td>1,666</td></tr>
<tr><td>22800x3x15/100<br>(11/15-01/16)</td><td>10,260</td><td>11320x3x15/100<br>(11/15-01/16)</td><td>5,094</td><td>5,166</td></tr>
<tr><td rowspan="4">സെലീന. പി. എ<br>ക്ലാർക്ക്</td><td>33900x12x15/100<br>(07/14-06/15)</td><td>61,020</td><td>16580x12x15/100<br>(07/14-06/15)</td><td>29,844</td><td>31,176</td></tr>
<tr><td>34800x3x15/100<br>(07/15-09/15)</td><td>15,660</td><td>16980x4x15/100<br>(07/15-09/15)</td><td>10,188</td><td>5,472</td></tr>
<tr><td>33640x1x15/100<br>(10/15)</td><td>5,046</td><td>16432x1x15/100<br>(10/15)</td><td>2,465</td><td>2,581</td></tr>
<tr><td>34800x3x15/100<br>(11/15-01/16)</td><td>15,660</td><td>16980x3x15/100<br>(11/15-01/16)</td><td>7,641</td><td>8,019</td></tr>
<tr><td rowspan="4">ബിജേഷ്.<br>ക്ലാർക്ക്</td><td>25200x6x15/100<br>(7/14-12/14)</td><td>22,680</td><td>13210x6x15/100<br>(7/14-12/14)</td><td>11,889</td><td>10,791</td></tr>
<tr><td rowspan="3">21650x13x15/100<br>(01/15-01/16)</td><td rowspan="3">42,218</td><td>10480x9x15/100<br>(01/15-09/15)</td><td rowspan="3">20385<br>(14148 +<br>1521+4716)</td><td rowspan="3">21,833</td></tr>
<tr><td>10142x1x15/100<br>(10/15)</td></tr>
<tr><td>10480x3x15/100<br>(11/15-01/16)</td></tr>
<tr><td rowspan="4">ബാബു. വി. പി<br>ജൂനിയർ സൂപ്രണ്ട്</td><td>38500x12x15/100<br>(7/14-06/15)</td><td>69,300</td><td>19240x12x15/100<br>(7/14-06/15)</td><td>34,632</td><td>34,668</td></tr>
<tr><td>39500x3x15/100<br>(7/15-09/5)</td><td>17,775</td><td>19740x3x15/100<br>(7/15-09/5)</td><td>8,883</td><td>8,892</td></tr>
<tr><td>38183x1x15/100<br>(10/15)</td><td>5,727</td><td>19103x1x15/100<br>(10/15)</td><td>2,865</td><td>2,862</td></tr>
<tr><td>39500x3x15/100<br>(11/15-01/16)</td><td>17,775</td><td>19740x3x15/100<br>(11/15-01/16)</td><td>8,883</td><td>8,892</td></tr>
<tr><td>ജസ്റ്റിൻരാജ്<br>ക്ലാർക്ക്</td><td>22200x10x15/100<br>(07/14-04/15)</td><td>33,300</td><td>11020x10x15/100<br>(07/14-04/15)</td><td>16,530</td><td>16,770</td></tr>
</table>

| | | | | | |
|---|---|---|---|---|---|
| | 22800x5x15/100<br>(05/15-09/15) | 17,100 | 11320x5x15/100<br>(05/15-09/15) | 8,490 | 8,610 |
| | 22065x1x15/100<br>(10/15) | 3,310 | 10955x1x15/100<br>(10/15) | 1,643 | 1,667 |
| | 22800x3x15/100<br>(11/15-01/16) | 10,260 | 11320x3x15/100<br>(11/15-01/16) | 5,094 | 5,166 |
| ഉദയൻ . എ<br>സീനിയർ ,സൂപ്രണ്ട് | 58050x12x15/100<br>(07/14-06/15) | 1,04,490 | 27820x12x15/100<br>(07/14-06/15) | 50,076 | 54,414 |
| | 59400x7x15/100<br>(07/15-01/16) | 62,370 | 28500x7x15/100<br>(07/15-01/16) | 29,925 | 32,445 |
| സുബ്രഹ്മണ്യൻ<br>സീനിയർ ക്ലാർക്ക് | 43600x6x15/100<br>(07/14-12/14) | 39,240 | 20740x6x15/100<br>(07/14-12/14) | 18,666 | 20,574 |
| | 44700x9x15/100<br>(01/15-09/15) | 60,345 | 21240x9x15/100<br>(01/15-09/15) | 28,674 | 31,671 |
| | 43210x1x15/100<br>(10/15) | 6,482 | 20555x1x15/100<br>(10/15) | 3,083 | 3,399 |
| | 44700x2x15/100<br>(11/15-12/15) | 13,410 | 21240x2x15/100<br>(11/15-12/15) | 6,372 | 7,038 |
| | 45800x1x15/100<br>(01/16) | 6,870 | 21740x1x15/100<br>(01/16) | 3,261 | 3,609 |
| വേലായുധൻ<br>പി.ടി.എസ് | 11340x12x15/100<br>(07/14-06/15) | 20,412 | 5520x12x15/100<br>(07/14-06/15) | 9,936 | 10,476 |
| | 11580x7x15/100<br>(07/15-01/16) | 12,159 | 5640x7x15/100<br>(07/15-01/16) | 5,922 | 6,237 |
| മാണിക്യം<br>പി.ടി.എസ് | 11580x12x15/100<br>(07/14-06/15) | 20,844 | 5640x15x15/100<br>(07/14-09/15) | 12,690 | 8,154 |
| | 11820x7x15/100<br>(07/15-01/16) | 12,411 | 5458x1x15/100<br>(10/15) | 819 | 9,054 |
| | | | 5640x3x15/100<br>(11/15-01/16) | 2,538 | |
| | | | | | 611436 |

സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി 01.04.2013 ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചതും, മേൽകാലയളവിൽ ശമ്പള പരിഷകരണ കുടിശ്ശികയുടെ 1,2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കപ്പെട്ടതുമായ എല്ലാ ജീവനക്കാരുടെയും പെൻഷൻ കോൺട്രിബ്യൂഷൻ തുക അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-7 സ്കൂൾ വിദ്യാർത്ഥികൾക്ക് സാനിറ്ററി നാപ്കിൻ വിതരണം- പദ്ധതി നിർവ്വഹണത്തിലെ അപാകത

പ്രൊജക്ട് നം. 203/2018

അടങ്കൽ 1,20,000/- (വികസനഫണ്ട്(സാധ))

ചെലവ് 1,18,981/-(ബിൽ നം. 7/17-18 തീ. 08.03.2018)

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം ഗ്രാമ പഞ്ചായത്തിലെ 7 സ്കൂളുകളിൽ 6, 7, 8, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് സാനിട്ടറി നാപ്കിൻ വിതരണം ചെയതിട്ടുണ്ട്. ആകെ 4405 നാപ്കിനുകൾ വിതരണം ചെയ്തിട്ടുണ്ട്. യുണൈറ്റഡ് ബുക്ക് പാലസ് , കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നാണ് നാപ്കിനുകൾ വാങ്ങിയിട്ടുള്ളത്.

സ.ഉ(സാധാ)812/2017/ത.സ്വ.ഭ.വ തീ. 22.03.2017 പ്രകാരം കുടുംബശ്രീ സംരംഭങ്ങൾ മുഖേന ഉല്പാദിപ്പിക്കുന്ന നാപ്കിനുകൾ സർക്കാർ സ്കൂളുകളിൽ വിതരണം ചെയ്യുന്നതിന് അനുമതിയുണ്ട്. മലപ്പുറം ജില്ലയിലെ നെടിയിരുപ്പ് സി.ഡി.എസിന് കീഴിൽ സൂക്ഷ്മ സംരംഭം എന്ന നിലയിൽ അഫിലിയേഷൻ ഉള്ള മരിയ ഹൈജീൻ സൊലൂഷൻ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ പരിഗണിക്കാതെ യുണൈറ്റഡ് ബുക്ക് പാലസ്, കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നുമാണ് നാപ്കിൻ വാങ്ങിയിരിക്കുന്നത്. വിഷയം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയതിൽ മരിയ ഹൈജിനിക് സൊലൂഷൻ കുടുംബശ്രീ സംരംഭങ്ങൾ മുഖേന ഉല്പാദിപ്പിക്കുന്നവയാണെന്ന് ശ്രദ്ധയിൽപ്പെട്ടില്ലായെന്നും, 2016-17 വർഷത്തിൽ മേൽ സ്ഥാപനത്തിൽ നിന്നും വാങ്ങിയ നാപ്കിനുകൾ ഗുണമേൻമയില്ലാത്തതാണെന്ന് പരാതികൾ ലഭിച്ചിരുന്നുവെന്നും ഹെഡ് മാസ്റ്റർ വിശദീകരിച്ചു. എന്നാൽ ഈ വിവരം സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തിയതായി കാണുന്നില്ല. ആയതിനാൽ കുടുംബശ്രീ യൂണിറ്റിനെ ഒഴിവാക്കാനുള്ള സാഹചര്യം പരിശോധിക്കേണ്ടതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതിനും ഭരണസമിതിയെ ചുമതലപ്പെടുത്തുന്നു. ഭാവിയിൽ ഇത്തരം അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-8 ഔഷധിയിൽ നിന്നും മരുന്ന് പൂർണ്ണമായും ലഭ്യമായില്ല

പ്രോജക്റ്റിന്റെ പേര് : ആയുർവ്വേദ ഡിസ്പെൻസറിയിയ്ക്ക് മരുന്നു വാങ്ങൽ

പ്രോജക്റ്റ് നം : SO133/18

അടങ്കൽ : 5,00,000/-(മെയിന്റനൻസ്ഗ്രാന്റ്)
ചെലവ് : 5,00,000/-,ബിൽനം-1/2017-18/06.10.2017

ആയുർവേദ ആശുപത്രിയ്ക്കു മരുന്നു വാങ്ങൽ എന്ന പദ്ധതിയ്ക്കായി ഔഷധിയ്ക്ക് 5,00,000/- രൂപ കൈമാറുകയും 20.10.2017 ൽ ഔഷധി തുക കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. 4,47,855/- രൂപയുടെ മരുന്നു മാത്രമേ ഔഷധിയിൽ നിന്നും ലഭ്യമായിട്ടുള്ളൂ. ശേഷിക്കുന്ന 52,145/-രൂപയുടെ മരുന്നു ഓഡിറ്റ് സമയത്തും ലഭിച്ചട്ടില്ല. ഔഷധിയുമായി ചമച്ച കരാർ പ്രകാരം, ആവശ്യപ്പെട്ട മരുന്നുകൾ 60 ദിവസത്തിനകം ഔഷധി ലഭ്യമാക്കേണ്ടതാണ്. ഡിസ്പൻസറിയിലേക്ക് അവശ്യം വേണ്ട മരുന്നുകൾ ലഭ്യമാകുന്നതിൽ കാലതാമസം വന്നത് സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ്, സോഷ്യൽ ഓഡിറ്റ് എന്നിവ നടന്നിട്ടില്ല. ഈ വിഷയത്തിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ മേൽനോട്ടവും ഉണ്ടായിട്ടില്ല. മോണിറ്ററിംഗ് സമിതിയും, സ്റ്റാൻഡിംഗ് കമ്മറ്റിയും യഥാസമയം ഇത്തരം വിഷയങ്ങൾ ഇടപെട്ട് ഡിസ്പൻസറിയിൽ കൃത്യസമയത്ത് മരുന്നു ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1647500 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 1647500 | ഇല്ല |
| കോഴിക്കോട് ജില്ലാപഞ്ചായത്ത് | 2017-18 | 320500 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 3205000 | ഇല്ല |
| കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1147500 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (വനിത) | 1147500 | ഇല്ല |
| കോഴിക്കോട് ജില്ലാപഞ്ചായത്ത് | 2017-18 | 395000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (വനിത) | 395000 | ഇല്ല |
| കോഴിക്കോട് ജില്ലാപഞ്ചായത്ത് | 2017-18 | 200000 | ക്ഷീരഗ്രാമം | 200000 | ഇല്ല |
| കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 194100 | ശാരീരിക മാനസികവെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 194100 | ഇല്ല |
| കോഴിക്കോട് ജില്ലാപഞ്ചായത്ത് | 2017-18 | 300000 | ശാരീരിക മാനസികവെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 40000 | 260000 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ | 2170136768/ 27/2/18 | 2000000 | 0 | 2000000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | സ.ഉ(സാ ധാ) 322/10 29/1/2010 | 17410000 | 1584015 | 584015 | 0 | 1000000 |

•

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 542676 |
| തൻവർഷം നിക്ഷേപിച്ച തുക | 44770 |
| ആകെ | 587446 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 587446 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| | കെ.ഡി.സി ബാങ്ക് കോടഞ്ചേരി 100501807520013/30.6.17 | 30.6.17 | 1വർഷം | 51165 | |
| | 100501807520014/30.6.17 | 30.6.17 | ടി | 289549 | |

| | | | | | |
|---|---|---|---|---|---|
| | 100501807520015/27/9.17 | 27.9.17 | ടി | 246732 | |
| ആകെ | | | | 587446 | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2061678രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2011-12,12-13 | 3-1 | 62500 | ഡോ.ഹനീഫ കോയ, വെറ്റിനറി സർജൻ | 117010105464/24/3/18 |
| 2015-16 | 3-4 | 120 | സെക്രട്ടറി, കോടഞ്ചേരി ഗ്രാ.പ | 117010103488/13 /12/17 |
| 2015-16 | 3-4 | 420 | സെക്രട്ടറി, കോടഞ്ചേരി ഗ്രാ.പ | 117010103488/13 /12/17 |
| 2015-16 | 3-6 | 1943000 | മെമ്പർ സെക്രട്ടറി, കുടുംബശ്രീ | 117010500013/18/7/17 |
| 2016-17 | 3-7 | 14400 | നിറവ് സീറോ വേസ്റ്റ് മാനേജ്മെന്റ് സിസ്റ്റം | 117010500064/1/3/18 |
| 2016-17 | 3-20 | 37261 | കേരള വാട്ടർ അതോറിറ്റി | 117010500057/23/2/18 |
| 2016-17 | 3-22 | 3977 | കേരള വാട്ടർ അതോറിറ്റി | 117010500045/9/11/17 |
| ആകെ | | 2061678 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 24 | 2003-04 | 11.13.5.4 (പൊതുപരാമർശം) | മൈത്രി ഭവനപദ്ധതി | |
| 1997-98 | 45 | 2003-04 | 11.13.7.8 (പൊതുപരാമർശം) | നികുതി പിരിവിൽ അലംഭാവം | |

| | | | | | |
|---|---|---|---|---|---|
| 1998-99 | 19 | 2003-04 | ടി | ടി | |
| പ്രവർത്തനക്ഷമതാ റിപ്പോർട്ട് | | 2011-12 | 3.3.6,3.3.12 (അവലോകനം) | അങ്കണവാടികളുടെ ഭൗതികസാഹചര്യം | |
| | | 2013-14 | 6.4 (അവലോകനം) | തെരുവുവിളക്ക് സംരക്ഷണം | |
| | | 2013-14 | 6.4.1 (അവലോകനം) | തെരുവുവിളക്ക് സ്ഥാപിച്ചതിന് രേഖകളില്ല | |
| | | 2015-16 | 3.7.6 | കൃഷി, മൃഗസംരക്ഷണം പദ്ധതി നിർവഹണം - ധനവിനിയോഗകാര്യക്ഷമത | |
| | | 2015-16 | 3.7.13 | പദ്ധതിമാർഗരേഖ | |

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന ചാർജ് /സർചാർജ് നടപടികളുടെ വിവരവും ഓഡിറ്റ് വർഷം തീർപ്പാക്കിയ ചാർജ് /സർചാർജ് നടപടികളുടെ വിവരവും

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേ ഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2011-12, 12-13 | 3-1 | ഡോ. ഹനീഫകോയ, വെറ്ററിനറി സർജൻ | KSA.8269/ SPL.CELL/ CSC.D2/15(1) | 62500 | 62500/- 117040105464/ 24.3.18 | | | | | | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 92990969 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 113057491 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

3-1

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാന വശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാന വശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1996-97 | എൽ.എഫ്.കെ.കെ.ഡി.പി3/256 /2011(1), 14.09.2011 | 1 | 13 |
| 1997-98 | എൽ.എഫ്.കെ.കെ.ഡി.പി3/256 /2011(2), 14.09.2011 | 2 | 40,45 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി.പി3/256 /2011(3), 14.09.2011 | 3 | 15,17,19 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി.പി3/256 /2011(4), 15.09.2011 | 2 | 21,25 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി3/256 /2011(5), 15.09.2011 | 8 | 2-1,2-3,2-4,3-3, 3-4,3-5,3-7,3-8 |
| 2002-03(വരവ്) | എൽ.എഫ്.കെ.കെ.ഡി.പി3/256 /2011(6), 15.09.2011 | 4 | 2-1,2-2,2-4,2-5 |
| 2002-03 (ചെലവ്) | എൽ.എഫ്.കെ.കെ.ഡി.പി3/256 /2011(6), 15.09.2011 | 8 | 2-1,2-6,2-11,2-12, 2-13,2-14,2-15,2-16 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി3/256 /2011(7), 15.09.2011 | 5 | 2-1,2-2,3-1,3-2, 3-4 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി3/256 /2011(8), 15.09.2011 | 1 | 3-1 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി3/256 /2011(10), 15.09.2011 | 7 | 2-12,3-6, 3-8, 3-16, 3-19,3-22 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി3/633/12, 27.06.2012 | 24 | 2-12,2-2,2-3, 2-6, 2-7, 2-8, 2-13, 2-14, 3-1, 3-2,3-3,3-4, 3-5, 3-11, 3-12, 3-13, 3-14, 3-15, 3-17, 3-18, 3-20, 3-23, 3-24, 3-26 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി3/332/12, 05.07.2012 | 19 | 1-2, 2-4, 2-5, 2-6, 2-7, 2-8, 3-1,3-6,3-9,3-11,3-13, 3-14, 3-15, 3-16, 3-17, 3-19(1), 3-25, 4-3, 4-7 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി1/818/12(1), 30.10.2013 | 13 | 1-1, 2-2, 2-3, 2-4(2), 3-1, 3-2(a,b),3-3, 3-4, 3-5, 3-6, 3-7(1,2), 4-6, 4-7 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി.പി3/819/13, 18.10.2013 | 15 | 1-1, 1-3, 2-1, 2-2, 2-3, 2-4, 3-3, 3-4, 3-5, 3-6, 3-7, 3-9, 3-10, 4-3 4-6 |

| | | | |
|---|---|---|---|
| 2011-12, 2012-13 | എൽ.എഫ്.കെ.കെ.ഡി.പി1/1464/14, 09.10.2014 | 10 | 2-3(4),3-1,3-2,3-3, 3-4, 3-7, 3-9, 3-10, 3-12, 3-13(1) |
| 2013-14, 2014-15 | കെ.എസ്.എ..കെ.കെ.ഡി.പി13/247/16, 23.09.2016 | 15 | 2-1,3-1, 3-2, 3-3, 3-4,3-5,3-6, 3-7. 3-8, 3-9,3-12, 3-13, 3-14, 3-15, 4-10 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി13/1818/16, 25.03.2017 | 14 | 2-1,3-1, 3-2, 3-3, 3-4,3-5,3-6, 3-7, 3-9, 3-11,3-12, 3-13, 4-10 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി3/1742/17, 13.09.2017 | 39 | 2-1,2-2, 2-3, 2-4, 2-5, 2-6, 2-7, 2-8, 2-9, 2-10, 2-11, 3-1, 3-2, 3-3, 3-4,3-5,3-6, 3-7. 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21, 3-22, 3-23, 3-24, 3-25, 3-26, 3-27,4-9 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം 1

### ഓഡിറ്റ് സാക്ഷ്യപത്രം

നം:കെ.എസ്.എ.കെ.കെ.ഡി.പി16/2084/18 തിയതി:14.09.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ

2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടിഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം,കോഴിക്കോട്.